# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4812 27.6.2014-ൽ മറുപടിയ്ക്ക്**

**<u>മുറ്റം നിറയെ കോഴികൾ പദ്ധതി</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. പി.തിലോത്തമൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ മുറ്റം നിറയെ കോഴികൾ പദ്ധതി ഈ സർക്കാർ തുടരുന്നുണ്ടോ എന്ന് പറയാമോ ; | എ) ഉണ്ട്. |
| ബി) | മുട്ടക്കോഴികളെ വീട്ടുകളിൽ വളർത്തുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് പറയാമോ; ഇതിനുവേണ്ടി എത്ര കോഴികളെ വിതരണം ചെയ്യുവെന്നും ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയത് എങ്ങനെയായിരുന്നുവെന്നും പറയാമോ? | ബി) സംസ്ഥാനത്തെ കോഴി മുട്ടയുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് സ്വയം പര്യാപ്തതയിലേയ്ക്ക് എത്താൻ ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മൃഗസംരക്ഷണ വകുപ്പ് മുഖേന വീട്ടമ്മമാർ, വിദ്യാർത്ഥികൾ, എന്നിവരിലൂടെ അടുക്കള മുറ്റത്തെ കോഴിവളർത്തൽ പരിപോഷിപ്പിച്ച് കഴിഞ്ഞ ആറു വർഷ കാലയളവിനുള്ളിൽ ഏകദേശം 60 കോടിയിൽപ്പരം കോഴിമുട്ടകൾ അധികമായി ഉൽപ്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കോഴിഫാമുകളിൽ ഒരു ദിവസം പ്രായമായ മുട്ടക്കോഴികുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് അംഗീകൃത രജിസ്ട്രേഡ് എഗ്ഗർ നഴ്സറികൾ വഴി 46 – 60 ദിവസം വളർത്തി സർക്കാർ നിശ്ചയിച്ച വിലയ്ക്ക് 5 കോഴിക്കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്യുന്നു. കോഴിവളർത്തലിൽ താല്പര്യവും സ്ഥലസൗകര്യവും ഉള്ള ഗുണഭോക്താക്കളെ എ.പി.എൽ/ബി.പി.എൽ വ്യത്യാസം കൂടാതെ തെരഞ്ഞെടുക്കുന്നത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അല്ലെങ്കിൽ നോമിനി, വെറ്ററിനറി |

സർജ്ജൻ എന്നിവർ ചേർന്നാണ്.

2012-13 വർഷം 3,93,900 കോഴികളെ വിതരണം ചെയ്തു.

2013 — 14 വർഷം 3,32,500 കോഴികളെ വിതരണം ചെയ്യുന്നത് ഏകദേശം പൂർത്തിയായിട്ടുണ്ട്.

മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ' കെപ്കോ ആശ്രയ, കെപ്കോ നഗര പ്രിയ, ഗ്രാമീണ മേഖലയിലെ കോഴിവളർത്തൽ തുടങ്ങിയ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഈ കോർപ്പറേഷന്റെ കീഴിൽ കൊട്ടിയത്തും, മാളയിലും പ്രവർത്തിക്കുന്ന പൗൾട്രി കോംപ്ളെക്സുകളിൽ നിന്നും കൂടുതൽ മുട്ടക്കോഴി കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കുറഞ്ഞ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്തു വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേൽപ്പറഞ്ഞ പദ്ധതികളിലൂടെ ഇതുവരെ 13,65,172 കോഴികളെ വിതരണം നടത്തിയിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച് അയച്ചു തരുന്ന ലിസ്റ്റിലെ ഗുണഭോക്താക്കൾക്കാണ് കോഴികളെ വിതരണം ചെയ്യുന്നത്.

Seele

സെക്ഷൻ ഓഫീസർ